# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.2759 — 17/10/16-ൽ മറുപടിക്ക്

## ഈരാറ്റുപേട്ട, എരുമേലി ഫയർ സ്റ്റേഷനുകൾ

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഈരാറ്റുപേട്ടയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന ഫയർ സ്റ്റേഷൻ, ഈരാറ്റുപേട്ട -പൂഞ്ഞാർ സംസ്ഥാന പാതയോട് ചേർന്ന് മറ്റയ്ക്കാട്ട് പി.ഡബ്യു.ഡി. പുറം പോക്കിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കാൻ നടപടികൾക്കായി നിരവധി അപേക്ഷകൾ നൽകിയെങ്കിലും നാളിതുവരെ സ്ഥലം വിട്ടുനൽകാൻ നടപടിയായിട്ടില്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷൻ മാറ്റി സ്ഥാപിയ്ക്കാൻ എന്തെല്ലാം അനുകൂല നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | എ) | ഈരാറ്റുപേട്ട ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി മീനച്ചിൽ താലൂക്കിൽ, പൂഞ്ഞാർ നടുഭാഗം വില്ലേജിൽ ബ്ലോക്ക് നം.68-ൽ റീസർവ്വേ നം.15-ൽ പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 17.18 ആർ ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ഉപയോഗാനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സ്ഥലം ഏറ്റെടുത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | എരുമേലി ഫയർ സ്റ്റേഷൻ നിലവിൽ ശബരിമല സീസണിൽ മാത്രം താൽക്കാലിക സംവിധാനത്തോടെയാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ശബരിമലയുടെ പ്രാധാന്യം കണക്കാക്കി എരുമേലിയിൽ സ്ഥിരം സംവിധാനത്തോടു കൂടി അടിയന്തിരമായി ഒരു ഫയർ സ്റ്റേഷൻ അനുവദിച്ച് നൽകാൻ നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കുമോ? | സി) | എരുമേലിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിനായി അനുയോജ്യമായ ഭൂമിയോ, കെട്ടിടത്തോടു കൂടിയ സ്ഥലമോ, കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ